(ബി) എച്ച്.എസ്.എ. തസ്തികയിൽ 3 ഒഴിവിലേക്ക് പി.എസ്.സി. അഡ്വൈസ് ചെയ്തിട്ടുണ്ട്. 2015-16 വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയാകുന്ന മുറയ്ക്കേ ബാക്കി ഒഴിവുകളിൽ സ്ഥിരനിയമനം നടത്താൻ കഴിയൂ.

(സി) എച്ച്.എസ്.എ. തസ്തികയിലെ ഒഴിവുകളിലേയ്ക്ക് ദിവസവേതനാടി സ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഹയർ സെക്കണ്ടറിയിലും കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

104 (T* 1181) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ഹയർ സെക്കന്ററിയിലും കൊമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ, സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ഒഴിവുകൾ എൻ.ജെ.ഡി. ആയും അല്ലാതെയും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ;

(ഡി) റാങ്ക് ലിസ്റ്റിലുള്ള (മെയിൻ ലിസ്റ്റ്) മുഴുവൻ പേർക്കും നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഇ) അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്തവ ജൂനിയർ/സീനീയർ (കോമേഴ്സ്) ടീച്ചർമാരുടെ കണക്ക് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ കൂടി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നിലവിൽ ഒഴിവുകൾ ഒന്നുമില്ല. ഹയർ സെക്കണ്ടറിയിൽ കൊമേഴ്സ് വിഷയത്തിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) 110 ഒഴിവുകളും, എച്ച്.എസ്.എസ്.റ്റി. (സീനിയർ) 15 ഒഴിവുകളുമുണ്ട്.

* "T നാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ എൻ.ജെ.ഡി. സംബന്ധിച്ച വിവരം ലഭിച്ചു തുടങ്ങിയിട്ടില്ല. എന്നാൽ ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) തസ്തികയിൽ 67 ഒഴിവുകൾ എൻ.ജെ.ഡി. ആയും 43 ഒഴിവുകൾ അല്ലാതെയും, എച്ച്.എസ്.എസ്.റ്റി. (സീനിയർ) തസ്തികയിൽ 4 ഒഴിവുകൾ എൻ.ജെ.ഡി. ആയും 11 ഒഴിവുകൾ അല്ലാതെയും ഉണ്ട്.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ എൻ.ജെ.ഡി. ഒഴിവ് സംബന്ധിച്ച വിവരം സ്കൂളുകളിൽ നിന്ന് ലഭിക്കുന്ന മുറയ്ക്ക് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്. ഹയർ സെക്കണ്ടറിയിൽ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-യുടെ 67 എൻ.ജെ.ഡി ഒഴിവുകളിൽ 61-ഉം എച്ച്.എസ്.എസ്.റ്റി. (സീനിയർ)-യുടെ 4 എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-യുടെ 6 എൻ.ജെ.ഡി. ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻ.ജെ.ഡി. അല്ലാതെയുള്ള ഒഴിവുകളിൽ (എച്ച്.എസ്.എസ്.റ്റി.(ജൂനിയർ)-43, എച്ച്.എസ്.എസ്.റ്റി (സീനിയർ)-11) ഹയർ സെക്കന്ററിയുടെ സ്പെഷ്യൽ റൂൾ പ്രകാരം സ്ഥാനക്കയറ്റം നൽകാനുള്ളത് കൊടുത്ത്, പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ശേഷിക്കുന്നവ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതാണ്.

(ഡി) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പേർക്കും നിയമനം നൽകാൻ കഴിയുമോയെന്നത് ഇപ്പോൾ പറയാൻ കഴിയില്ല. ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത്, പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്കാണ് നിയമനം നൽകുന്നത്.

(ഇ) ഹയർ സെക്കന്ററിയിൽ അഡ്വൈസ് അയച്ചിട്ടും ജോയിൻ ചെയ്യാത്ത എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) 67 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. (സീനിയർ) 4 ഒഴിവുകളും ഉണ്ട്. പ്രസ്തുത എൻ.ജെ.ഡി. ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി (ജൂനിയർ)-യുടെ 61 ഒഴിവുകളും എച്ച്.എസ്.എസ്.റ്റി. (സീനിയർ)-യുടെ 4 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുകഴിഞ്ഞു. എച്ച്.എസ്.എസ്.റ്റി. (ജൂനിയർ)-യുടെ ശേഷിച്ച 6 എൻ.ജെ.ഡി. ഒഴിവുകൾകൂടി റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ

105 (1182) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ രംഗത്ത് വരുത്തിയ ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly